(എ) സംസ്ഥാനത്ത് കടലാക്രമണം രൂക്ഷമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടലാക്രമണം ശാശ്വതമായി പ്രതിരോധിക്കുന്നതിന് കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കടലാക്രമണം അതീവ രൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ അടിയന്തര നടപടികളും സ്വീകരിച്ചുവരുന്നു. ഇപ്രകാരം അടിയന്തിര നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കടൽഭിത്തി ഇല്ലാത്തതോ തകർന്നതോ ആയ സ്ഥലങ്ങളിൽ കല്ലും മണൽ ചാക്കുകളും ഉപയോഗിച്ച് താല്ക്കാലിക പ്രതിരോധഭിത്തി നിർമ്മിക്കുന്നുണ്ട്. ഇത്തരത്തിൽ രൂക്ഷമായ കടലാക്രമണം ഉള്ള പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ ഒരു യോഗം ജലവിഭവ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രി വിളിച്ചു കൂട്ടി എം.എൽ.എ മാരോട് അത്യാവശ്യം ചെയ്യേണ്ട പ്രവൃത്തികളുടെ ലിസ്റ്റ് നല്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ കടൽഭിത്തി നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി കടൽഭിത്തി നിർമ്മാണവും പുനരുദ്ധാരണ പ്രവർത്തികളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 8 കി.മീറ്ററോളം നീളത്തിൽ കടൽഭിത്തി നിർമ്മാണവും 11 കി.മീറ്ററോളം നീളത്തിൽ പുനരുദ്ധാരണ പ്രവർത്തികളും പൂർത്തിയായി.

വെള്ളപ്പൊക്ക നിവാരണ പദ്ധതി (Flood Management Programme) യിൽ ഉൾപ്പെടുത്തുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽനിന്നും പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്ര ജലകമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ

24 (*234) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. ബൽറാം :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ. എസ്. ഐ. മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മൂലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) എടുത്തിട്ടില്ല.

(ബി - ഡി) ബാധകമല്ല.

പ്രാഥമിക ആരോഗ്യമേഖല ശക്തിപ്പെടുത്താൻ നടപടി

25 (*235) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എം. ഹംസ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യമേഖലയിൽ ഘടനാപരമായമാറ്റം പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ആരോഗ്യമേഖലയിൽ ഏതൊക്കെരംഗത്താണ് പൊതു-സ്വകാര്യ പങ്കാളിത്തം (പി.പി.പി) ഉദ്ദേശിക്കുന്നത് ; ഇത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ ;

(സി) സേവനത്തിന്റെ ഗുണനിലവാരത്തിനനുസരിച്ചുള്ള ഫീസ് ഈടാക്കണമെന്ന നിർദ്ദേശം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും മറ്റുപാവപ്പെട്ടവരേയും എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) പാവപ്പെട്ടവരെ പ്രതികൂലമായി ബാധിക്കാത്ത വിധം കേന്ദ്ര സഹായത്തോടെയും അല്ലാതെയും പ്രാഥമിക ആരോഗ്യമേഖല ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly